## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3728 — 25.06.2013 - ലെ മറുപടിക്ക്

### സഹകരണ ആശുപത്രികളും ആരോഗ്യ ഇൻഷുറൻസും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സഹകരണ ആശുപത്രികളുടെ ആകെ എണ്ണം എത്ര; അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ; | (എ) | സഹകരണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 77 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | : | ഇല്ല |
| കൊല്ലം | : | 4 |
| പത്തനംതിട്ട | : | 1 |
| ആലപ്പുഴ | : | ഇല്ല |
| കോട്ടയം | : | 2 |
| ഇടുക്കി | : | 2 |
| എറണാകുളം | : | 3 |
| തൃശ്ശൂർ | : | 8 |
| പാലക്കാട് | : | 7 |
| മലപ്പുറം | : | 9 |
| കോഴിക്കോട് | : | 19 |
| വയനാട് | : | ഇല്ല |
| കണ്ണൂർ | : | 16 |
| കാസർഗോഡ് | : | 6 |

കൂടാതെ കേപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിൽ കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ സാഗര ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

| | | |
|---|---|---|
| ബി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സഹകരണ ആശുപത്രികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (ബി) | ചുവടെ പറയുന്ന സഹകരണ ആശുപത്രികളിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

1. കോട്ടയം ജില്ല സഹകരണ ആശുപത്രി കെ. 764.
2. കടുത്തുരുത്തി സഹകരണ ആശുപത്രി കെ.379.
3. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി
4. ഇരിങ്ങാലക്കട സഹകരണ ആശുപത്രി
5. ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി ലി.നം.ഡി.2708, പേരാമ്പ്ര.
6. കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി.
7. കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസഡ് മെഡിക്കൽ സർവ്വീസ്, പരിയാരം.
8. ഇടുക്കി ജില്ലാ സഹകരണ ആശുപത്രി സംഘം ഐ.177.
9. ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ സംഘം ഐ.609.
10. തേജസ്വിനി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ സെന്റർ ലി.നം.എസ്.364

കൂടാതെ കേപ്പിന്റെ കീഴിലുള്ള കൊച്ചി മെഡിക്കൽ കോളേജിലും ടി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) പദ്ധതി നടപ്പാക്കിയ സഹകരണ ആശുപത്രികൾക്ക് ആർ.എസ്.ബി.വൈ പദ്ധതിയിൽ നിന്ന് പ്രതിമാസം നൽകേണ്ട തുകയിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; കുടിശ്ശിക മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആശുപത്രികളെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം നിശ്ചിത തുക പ്രീമിയമായി ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ചികിത്സാ ചെലവ് ഇൻഷുറൻസ് കമ്പനിയാണ് ആശുപത്രികൾക്ക് നൽകേണ്ടത്. ഇൻഷുറൻസ് കമ്പനി ടി തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്. കുടിശ്ശിക മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആശുപത്രികളെ സഹായിക്കുവാൻ നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ